"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - മുഖേന നടപ്പിലാക്കുന്ന ജനകീയ ഹോട്ടൽ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.400/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/02/2021

---

പരാമർശം:- 1 06.03.2020 തീയതിയിലെ സ.ഉ(കൈ) നം.45/2020/തസ്വഭവ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/09/2020-ലെ 1606/ഡി/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ 12 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗരേഖയിൽ ചുവടെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ ഭേദഗതി ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം (2) കത്തു പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

1. ഇനം. 1.1 ജനകീയ ഹോട്ടൽ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക.
2. ഇനം 1.3 ജനകീയ ഹോട്ടൽ രൂപീകരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടെത്തുകയും ആയത് കുടുംബശ്രീ അസിസ്റ്റന്റ് ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, മെമ്പർ സെക്രട്ടറി, വാർഡ് മെമ്പർ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനും ഇനം.1.4ൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /നഗരസഭ മുഖാന്തിരം ലഭ്യമാക്കുക.
3. ഇനം.1.4ൽ ജനകീയ ഹോട്ടൽ രൂപീകരണത്തിനായി കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടെത്തുന്ന കെട്ടിടത്തിന്റെ വാടകയ്ക്ക് പൊതുമരാമത്ത് നിരക്ക് മതിയാകാതെ വരുവാൻ സാധ്യത ഉള്ളതിനാൽ ജനകീയ ഹോട്ടൽ രൂപീകരണത്തിന് കുടുംബശ്രീ സി.ഡി.എസ്. മുഖാന്തിരം കണ്ടെത്തുന്ന കെട്ടിടത്തന്റെ വാടക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പൊതുമരാമത്ത് നിരക്കിന്റെ 150 ശതമാനത്തിൽ കൂടുതൽ അധികരിക്കാത്ത തുക ലഭ്യമാക്കുന്നതിന് അനുവാദം.
4. ഇനം. 1.6-ൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് തുക ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി തുക/കൂടുതൽ തുക വകയിരുത്തുന്നതിനുള്ള അനുവാദം.
5. സപ്ലൈകോ മുഖാന്തിരം അരിയും പലവ്യഞ്ജനങ്ങളും ആവശ്യമുള്ള ജനകീയ ഹോട്ടലുകൾക്ക് ദിവസവും 200 ഊണിന് ആനുപാതികമായി അരിയും ആയതിലേക്ക് ആവശ്യമായ പലവ്യഞ്ജനങ്ങളും സബ്സിഡി നിരക്കിൽ ഓരോ മാസവും ലഭ്യമാക്കുന്നതിനുള്ള ഉത്തരവ്.
6. ജനകീയ ഹോട്ടൽ അംഗങ്ങളെ ആദരിക്കുന്നതിനുള്ള അനുവാദം.

7. കുടുംബശ്രീ മുഖാന്തിരം രൂപീകരിക്കുന്ന ജനകീയ ഹോട്ടലുകളിൽ ഉപയോഗിക്കുന്ന പാചകവാതകത്തിന് സബ്സിഡി ലഭ്യമാക്കുന്നതിലുള്ള ഉത്തരവ്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ 100 ദിവസംകൊണ്ട് പൂർത്തീകരിക്കുന്ന പദ്ധതികളിൽ പ്രാധാന്യമുള്ള ജനകീയ ഹോട്ടൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ ഹോട്ടൽ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
2. ജനകീയ ഹോട്ടൽ രൂപീകരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടെത്തുകയും ആയത് കുടുംബശ്രീ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് മിഷൻ കോ-ഓർഡിനേറ്റർ, ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, മെമ്പർ സെക്രട്ടറി, വാർഡ് മെമ്പർ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് തുക ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി തുക/കൂടുതൽ തുക വകയിരുത്തുന്നതിന് DPC അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
4. ഒരു ദിവസം 1000 മുതൽ 1500 വരെ ഊണ് നൽകുന്ന ജനകീയ ഹോട്ടൽ അംഗങ്ങളെ ആദരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) , കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) , കേരള, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനനതപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ